"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കോട്ടയം ജില്ല- വിജയപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ സീനിയർ ക്ലാർക്ക് - ശ്രീ അജിത് കുമാർ.എസ് ന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് മുൻകാലസേവനം നഷ്ടമാകാത്ത വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.672/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.10.2003ലെ E1/8470/2003 നമ്പർ നടപടിക്രമങ്ങൾ
2. 22.04.2010ലെ സ ഉ (സാധാ) നം.1390/10/തസ്വഭവ
3. ശ്രീ അജിത് കുമാർ.എസ് സമർപ്പിച്ച 20.11.2024ലെ അവധി അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.03.2025ലെ LSGD/PD/35470/2024-DEC1 നമ്പർ കത്ത്
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.02.2026ലെ LSGD/PD/35470/2024-DEC1 നമ്പർ കത്ത്

<u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീ അജിത് കുമാർ.എസ് ന്റെ 22.04.2015 മുതൽ 16.08.2017 വരെയുള്ള അനധികൃത ഹാജരില്ലായ്മ ക്രമവത്ക്കരിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2.വിജയപുരം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. അജിത് കുമാർ എസ്, കെ എസ് ആർ ഭാഗം 1 അപ്പന്റിക്സ് 12സി പ്രകാരം പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നതും അവധി കാലയളവ് കഴിഞ്ഞ 22.04.2015 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് പകരം 22/04/2015 മുതൽ 16/08/2017 വരെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും 17/08/2017 തീയതിയിൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്തു. അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനെ തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിച്ചിരുന്നതും വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത സാഹചര്യത്തിലാണ് 22/04/2015 മുതൽ 16/08/2017 വരെയുള്ള അനധികൃത ഹാജരില്ലായ്മ അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് ശ്രീ. അജിത് കുമാർ എസ് പരാമർശം (3) പ്രകാരം അവധി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് .

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനെ തുടർന്ന് ശ്രീ.അജിത് കുമാർ എസ് -നെതിരെ സ്വീകരിച്ച അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ള

സാഹചര്യത്തിലും ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പരാമർശം (1) പ്രകാരം 11.09.2003 തീയതി പ്രാബല്യത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീ അജിത് കുമാർ.എസ്- ന്റെ 22.04.2015 മുതൽ 16.08.2017 വരെയുള്ള അനധികൃതഹാജരില്ലായ്മ കാലയളവ് ടിയാന്റെ മുൻകാലസേവനം നഷ്ടമാകാത്ത വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കോട്ടയം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,വിജയപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.അജിത് കുമാർ എസ് , മുൻ സീനിയർ ക്ലർക്ക് , വിജയപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ധനകാര്യ വകുപ്പ് 18.11.2025ലെ e-3235851/ഡെവ-1/175/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
8.ഡയറക്ടർ . ഐ കെ എം
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
10.കരുതൽ ഫയൽ (ഫയൽ നം.70/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 11-03-2026 14:13:24
സെക്ഷൻ ഓഫീസർ